**<u>15 -ാം കേരള നിയമസഭ</u>**

**<u>6 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 378</u>** **<u>23-08-2022 - ൽ മറുപടിയ്ക്ക്</u>**

**<u>പഞ്ചായത്ത് ആസ്തി രജിസ്റ്ററുകൾ ശുദ്ധീകരിക്കാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | റോഡുകൾ, കെട്ടിടങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ പൂർണമായും ഡിജിറ്റൈസ് ചെയ്യുന്നതിനും ആവർത്തനം ഇല്ലാതാക്കുന്നതിനും കർമ്മ പദ്ധതി രൂപീകരിക്കുമോ; | (എ) | തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തി സംബന്ധമായി കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിച്ച് പരിപാലിക്കേണ്ടതിന്റെ ആവശ്യം മുൻ നിർത്തി നിർദ്ദേശങ്ങൾ നൽകുകയും ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുള്ളതുമാണ്. നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ആസ്തി സംബന്ധിച്ച വിവരങ്ങൾ കാലികമാക്കുന്നത് ഐ.കെ.എം.തയ്യാറാക്കിയ സചിത്ര സോഫ്റ്റ് വെയർ മുഖേനയാണ്. റോഡ് കണക്റ്റിവിറ്റിക്കായി R-Track ഉപയോഗപ്പെടുത്തി പഞ്ചായത്തുകൾ Geo Informatic System ത്തിൽ തനതായ രീതിയിൽ ഗവൺമെന്റ് ഏജൻസി മുഖേന ഡാറ്റാബേസ് തയ്യാറാക്കി വരുന്നുണ്ട്. കൂടാതെ ULCCS, ഗ്രാമീണ പഠനകേന്ദ്രം മുതലായ സ്ഥാപനങ്ങളെ ഉപയോഗിച്ച് 32 ഗ്രാമപഞ്ചായത്തുകളിൽ ജി.ഐ.എസ് അധിഷ്ഠിത വിവരസാങ്കേതിക ഡേറ്റ തയ്യാറാക്കുകയും, 160 ഗ്രാമപഞ്ചായത്തുകൾ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളതുമാണ്. |
| (ബി) | പഞ്ചായത്ത് പദ്ധതികളിൽപ്പെടുത്തി നവീകരിക്കുന്നതോ പുതിയതായി നിർമ്മിക്കുന്നതോ ആയ റോഡുകൾ, കെട്ടിടങ്ങൾ എന്നിവയുടെ പരിപാലന കാലാവധി, കരാറുകാരുടെ വിവരങ്ങൾ എന്നിവ പൊതുമരാമത്ത് വകുപ്പിന്റെ മാതൃകയിൽ പരസ്യപ്പെടുത്തുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | സോഫ്റ്റ് വെയറിൽ മേൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. |
| (സി) | നിലവിൽ പൂർത്തിയാക്കിയിട്ടുള്ള റോഡുകൾക്ക് പഞ്ചായത്ത് ആസ്തിപ്രകാരമുള്ള സൂചനാ ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | തത്കാലം പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ